WEDNESDAY **15/04/2026** ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor: SINDHU. K S**  **Editor: Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/04/2026

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ

വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2026-മുതൽ 31/03/2027 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കാൻ താൽപര്യമുള്ളവർ 16/04/2026-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി നടത്തുന്ന ലേലത്തിൽ 1000/-രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി 0471_2732962 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകളായ നേന്ത്രൻ – 30 രൂപ, റോബസ്റ്റ – 20 രൂപ, ഗ്രാൻനെയ്ൻ – 20 രൂപ എന്നീ നിരക്കിൽ വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04936-260561, 04936-260421 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരളത്തിൽ വാഴ കൃഷിക്ക് വലിയ പിന്തുണ നൽകുന്ന പ്രധാന സ്ഥാപനമാണ് Indian Institute of Horticultural Research ന്റെ കീഴിൽ പ്രവർത്തിക്കുന്ന National Research Centre for Banana (NRCB). കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന നിരവധി പദ്ധതികൾ കർഷകർക്ക് ലഭ്യമാണ്. വാഴ ഗവേഷണ കേന്ദ്രം (Banana Research Centre) പദ്ധതികൾ:- ഉയർന്ന ഗുണമേന്മയുള്ളതും, രോഗരഹിതവും കൂടുതൽ ഉൽപാദന ശേഷിയുള്ള വാഴ തൈകൾ (Tissue Culture Plants), ഗ്രാൻഡ് നെയിൻ (G9), പൂവൻ തുടങ്ങിയ ഹൈബ്രിഡുകൾ സബ്സിഡി വഴി കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. വാഴ കൃഷി വികസന സബ്സിഡി പദ്ധതികൾ പുതിയ വാഴ തോട്ടങ്ങൾ ആരംഭിക്കുന്നതിനും, ഡ്രിപ്പ് ഇറിഗേഷൻ (PMKSY വഴി), വളപ്രയോഗം, സംരക്ഷണം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നു. സൗജന്യ കർഷക പരിശീലനവും സാങ്കേതിക സഹായവും, രോഗനിയന്ത്രണം (Panama വാട്ടം , Sigatoka), ഉൽപാദന വർദ്ധന മാർഗങ്ങൾ എന്നിവയ്ക്ക് പരിശീലന ക്ലാസുകൾ നൽകുന്നു .വാഴ പ്രോസസ്സിംഗ് & മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ , വാഴചിപ്സ്, വാഴപ്പൊടി, ഫൈബർ ഉൽപ്പന്നങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

PMFME സ്കീമുമായി ബന്ധപ്പെടുത്തി സബ്സിഡിയോടുകൂടി ചെറുകിട യൂണിറ്റ്കൾ തുടങ്ങാൻ സഹായം ലഭ്യമാക്കുന്നു. Aadhaar, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖകൾ സഹിതം അടുത്തുള്ള കൃഷിഭവനിൽ ആവശ്യമായ പദ്ധതികൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ് . ഫീൽഡ് പരിശോധനയ്ക്ക് ശേഷം സബ്സിഡി അനുവദിക്കും.

## പരിശീലന പരിപാടി

5. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിൽ ഡ്രോൺ പൈലറ്റ് പരിശീലനത്തിന് അപേക്ഷിക്കാം. കാർഷിക മേഖലയിലെ ഡ്രോൺ സാധ്യതകൾ, സ്മാർട്ട് കൃഷി രീതികൾ എന്നിങ്ങനെ പുതുമയുള്ള കാർഷിക ആശയങ്ങൾ സംരംഭമാക്കി മാറ്റുന്നതിനായി അഗ്രി ബിസിനസ് ഇൻക്യുബേറ്ററിലെ റാഫ്താർ പദ്ധതിയിലേക്ക് ഏപ്രിൽ 15 മുതൽ മെയ് 15 വരെ അപേക്ഷിക്കാം. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്ററും മോധ എയ്റോ അക്കാദമി പ്രൈവറ്റ് ലിമിറ്റഡും സം യുക്തമായാണ് ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കാർഷിക ഡ്രോണുകൾക്കുപരി നിരീക്ഷണത്തിനും വിള ഇൻഷുറൻസിനുമുള്ള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മിനിഡ്രോണുകളുടേയും പരിശീലനവും സർവ്വകലാശാലയിലെ ഡ്രോൺ പൈലറ്റ് പരിശീലന കേന്ദ്രം നൽകുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലെ സേവനങ്ങൾ ലഭ്യമാകുന്നതിനും ഡ്രോൺ പൈലറ്റ് പരിശീലനത്തിനും മറ്റ് സംരംഭകത്വ വികസന പരിശീലനങ്ങൾക്കുമായി ഡോ. കെ.പി സുധീർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര, തൃശ്ശൂർ – 680 656 എന്ന വിലാസത്തിലോ, 9778436265/0487 2438332 എന്നീ ഫോൺ നമ്പറുകളിലോ Email: cohagengg@kau.in/rabi.kau.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

## 6. കാർഷിക നിർദേശം

ഏലം – ഏലപ്പേൻ, തണ്ടുതുരപ്പൻ, വെള്ളീച്ച മുതലായ കീടങ്ങൾക്കെതിരെ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുക. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കേണ്ടതും പുതയിട്ട് നനയ്ക്കുകയും വേണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രണ്ടാഴ്ചയിലോരിക്കൽ കനത്ത ഒരു നന ഏലത്തിന് വളരെ നല്ലതാണ്. കറ്റെ രോഗം ബാധിച്ച ചെടികൾ നശിപ്പിക്കുക.

തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ മുതലായവ കൃഷി ചെയ്യാം. ചെന്നിരൊലിപ്പ് മാരകമാകാൻ സാധ്യതയുണ്ട്. കറ ഒലിക്കുന്ന ഭാഗം വൃത്തിയാക്കി ഉരുകിയ ടാറോ, ബോർഡോ കുഴമ്പോ തേക്കുക. ചെറുതെങ്ങുകൾക്ക് വെയിലിൽ നിന്ന് സംരക്ഷണം നൽകണം. തെങ്ങിൻ തോപ്പുകളിൽ ജലസേചനം തുടരേണ്ടതും ചെറുതെങ്ങുകൾക്ക് തണൽ നൽകുകയും ചെയ്യേണ്ടതാണ്. നനയ്ക്കാൻ കഴിയാത്ത തെങ്ങുകളുടെ ചുവട്ടിൽ പുതയിടുകയോ തൊണ്ട് കമഴ്ത്തി അടുക്കുകയോ ചെയ്യുന്നത് നല്ലതാണ്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം